പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3254 | 16.12.2015-ൽ മറുപടിക്ക്

## പശുക്കളെ വാങ്ങുന്നതിനും ഷെഡ്ഡുകൾ നിർമ്മിക്കുന്നതിനും ഉള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.തിലോത്തമൻ | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) പശുവളർത്തലിൽ താല്പര്യമുള്ള ക്ഷീരകർഷകർക്ക് പശുക്കളെ വാങ്ങുന്നതിനും പശുക്കൾക്ക് ഷെഡ്ഡ് നിർമ്മിക്കുന്നതിനും ഈ സർക്കാർ കാലയളവിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) ക്ഷീരോല്പാദന മേഖലയിലേയ്ക്ക് കൂടുതൽ കർഷകരെയും പുതിയ സംരംഭകരെയും ആകർഷിക്കുന്നതിനും, പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും, കർഷ-കരിൽ കാലി വളർത്തലിൽ ശാസ്ത്രീയ അവബോധം സൃഷ്ടിക്കുന്നതിനും, വേണ്ടി മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം എന്ന പദ്ധതി ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി മുഖാന്തിരം തെരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷകർക്ക് 2 പശു, 5 പശു, 10 പശു, 5 കിടാരി, 10 കിടാരി യൂണിറ്റുകൾ സ്ഥാപി-ക്കുന്നതിനും ആവശ്യാധിഷ്ഠിത സഹായവും, കറവയന്ത്രം, കാലിത്തൊഴുത്ത് നിർമ്മാണം എന്നീ ഇനങ്ങൾക്ക് ധനസഹായവും നല്കി-വരുന്നു. കൂടാതെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി, ഇടുക്കി, കണ്ണൂർ, എറണാകുളം ജില്ലകളിൽ, സംയോജിത ക്ഷീരവികസന പരിപാടി നടപ്പിലാക്കുന്നു. കൂടാതെ പ്രാദേശി-കമായി ക്ഷീരഗ്രാമപദ്ധതിയും നടപ്പിലാ-ക്കുന്നുണ്ട്.<br><br>മിൽമയുടെ എറണാകുളം മേഖലാ യൂണിയൻ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 300 വനിതകൾക്ക് പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെ 300 കാലിത്തൊഴുത്തുകൾ നിർമ്മിച്ചു നല്കി. ഇതിനു പുറമേ എറണാകുളം, തൃശ്ശൂർ, കോട്ടയം ജില്ലകളുടെ കീഴിൽ 600 കാലിത്തൊഴുത്തുകൾ നിർമ്മിച്ചു നല്കുവാൻ സി.എം.പി പദ്ധതിയുടെ കീഴിൽ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്.<br><br>മലബാർ മേഖലാ യൂണിയൻ പ്രതിവർഷം ക്ഷീരകർഷകരുടെ 3000 കിടാരികളെ ദത്തെടുത്ത് കാലിത്തീറ്റ ഉൾപ്പെടെ 50 ശതമാനം സബ്സിഡിയോടെ നല്കി വളർത്തി വരുന്നു. പ്രതിവർഷം 1000 കാലിത്തൊഴുത്തുകൾ നിർമ്മിക്കുന്നതിന് 5000 രൂപ വീതം ധനസഹായം നല്കുകയും യൂണിയനിൽ നിന്നും റിവോൾവിംഗ് ഫണ്ട് നല്കി ക്ഷീരസംഘങ്ങൾ |

വഴി പശുക്കളെ വാങ്ങുന്നതിനും മിൽമ, ബാങ്കുകൾ, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവരുമായി സഹകരിച്ച് കർഷകർക്ക് പശുക്കളെ വാങ്ങുന്നതിന് വായ്പയും ലഭ്യമാക്കുന്നു.

തിരുവനന്തപുരം മേഖലാ യൂണിയൻ എൻ.പി.ഡി.ഡി പദ്ധതി പ്രകാരം 190 കറവപ്പശുക്കളെ വാങ്ങുന്നതിനും 82 കാലിത്തൊഴുത്ത് നിർമ്മാണത്തിനും വേണ്ടി 52.5 ലക്ഷം രൂപ സഹായം നല്കിയിട്ടുണ്ട്. ഇതു കൂടാതെ കാലിത്തൊഴുത്ത് നിർമ്മാണത്തിന് തിരുവനന്തപുരം ജില്ലയിൽ സി.എം.പി പദ്ധതിയിൽ 11.25 ലക്ഷം രൂപയും പത്തനംതിട്ട ജില്ലയിൽ ഐ.ഡി.ഡി.പി പദ്ധതി പ്രകാരം 23.1 ലക്ഷം രൂപയും ചെലവാക്കിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ പട്ടികജാതി വിഭാഗത്തിന് കറവമൃഗങ്ങളെ വാങ്ങിയയിനത്തിൽ 2012-2013 മുതൽ 2015-2016 വരെ 24.5 ലക്ഷം രൂപയും, തിരുവനന്തപുരം മേഖലാ യൂണിയൻ മൊത്തത്തിൽ പട്ടികജാതി വികസന വകുപ്പുമായി ചേർന്ന് കിടാരി വളർത്തൽ പദ്ധതിയിൽ കഴിഞ്ഞ 2 വർഷത്തിൽ 524.75 ലക്ഷം രൂപയും ചെലവാക്കിയിട്ടുണ്ട്.

(ബി) ഈ ഇനത്തിൽ ചേർത്തല താലൂക്കിൽ എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭിച്ചുവെന്നതിന്റെ പദ്ധതി ഇനം, പഞ്ചായത്ത്, അനുവദിച്ച വർഷം, ഗുണഭോക്താവിന്റെ വിലാസം, എത്ര തുകയുടെ ലഭിച്ചു എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ അനുബന്ധം 1 ആയും മിൽമയുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധം 2 ആയും ചേർത്തിരിക്കുന്നു.

(സി) ക്ഷീരവികസനത്തെ ലക്ഷ്യമാക്കിയുള്ള ഈ പദ്ധതികളിലൂടെ ചേർത്തല താലൂക്കിൽ ഈ കാലയളവിൽ ഉണ്ടായ പശുക്കളുടെയും പാലിന്റെയും വർദ്ധനവ് എത്രയാണെന്ന് വിശദമാക്കാമോ?.

(സി) പശുക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്

| ഇനം | 2011-2012 | 2012-2013 | 2013-2014 | 2014-2015 |
|---|---|---|---|---|
| ഗോധനം (ഒരു പശു) | 6 | .. | 8 | 17 |
| 2 പശു യൂണിറ്റ് | 10 (5 യൂണിറ്റ്) | 20 (10 യൂണിറ്റ്) | 24 (12 യൂണിറ്റ്) | 46 (23 യൂണിറ്റ്) |
| 5 പശു യൂണിറ്റ് | 15(3 യൂണിറ്റ്) | 20(4 യൂണിറ്റ്) | 25(5 യൂണിറ്റ്) | 25(5 യൂണിറ്റ്) |
| 10 പശു യൂണിറ്റ് | 10(1 യൂണിറ്റ്) | 30(3 യൂണിറ്റ്) | 20(2 യൂണിറ്റ്) | 10(1 യൂണിറ്റ്) |
| 30 കിടാരി യൂണിറ്റ് | 30(1 യൂണിറ്റ്) | - | - | - |
| 10 കിടാരി യൂണിറ്റ് | 10(1 യൂണിറ്റ്) | 10(1 യൂണിറ്റ്) | 10(1 യൂണിറ്റ്) | 30(3 യൂണിറ്റ്) |

US 3254
16/12/15

| | | | | |
|---|---|---|---|---|
| 5 കിടാരി യൂണിറ്റ് | -- | -- | 20(4 യൂണിറ്റ്) | 20(4 യൂണിറ്റ്) |
| പട്ടികജാതി-ഡെയറി യൂണിറ്റ് | -- | -- | -- | 6 യൂണിറ്റ് |
| 2 പശു യൂണിറ്റ്- എസ്.സി.എ ടി എസ്.സി.പി | -- | -- | -- | 3 യൂണിറ്റ് |

<u>പാലളവ് വർദ്ധനവ്</u>

| വർഷം | പാലളവ് (ലി.) | പ്രതിദിന പാലളവ് (ലി.) | വർദ്ധനവ് (%) |
|---|---|---|---|
| 2011-2012 | 5812209 | 15923.86 | 2.8 |
| 2012-2013 | 5987185 | 16403.24 | 3.5 |
| 2013-14 | 6401397 | 17538.07 | 5.2 |
| 2014-15 | 6649401 | 18217.53 | 7.4 |

മിൽമ നടപ്പിലാക്കുന്ന പദ്ധതികൾ മുഖേന തിരുവനന്തപുരം മേഖലാ യൂണിയൻ സംഭരിക്കുന്ന പാലിന്റെ അളവിൽ ചേർത്തല താലൂക്കിൽ പ്രതിദിനം ഏകദേശം 1000 ലിറ്റർ പാലിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ